പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1295 04/02/2019-ൽ മറുപടിക്ക്

കെ.ഇ.ആർ ഭേദഗതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.എൻ.എ ഖാദർ: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) 2016 ഡിസംബർ മാസത്തിൽ കൊണ്ടുവന്ന കെ.ഇ.ആർ ഭേദഗതി കാരണം യും സംസ്ഥാനത്ത് നിയമനാംഗീകാരം ലഭിക്കുന്നത് തടയപ്പെട്ട എത്ര എയ്ഡഡ് യും അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇനം തിരിച്ചുള്ള കണക്കുകൾ നൽകാമോ;<br><br>(ബി) പ്രസ്തുത ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുന്നതിന് തടസ്സമായ വ്യവസ്ഥയെന്താണെന്ന് വിശദമാക്കുമോ; | (എ) 03/12/2016 ലെ ജി.ഒ (പി) നം. 199/2016/ പൊവിവ പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ ഭേദഗതി കാരണം എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾക്ക് അംഗീകാരം തടസ്സപ്പെടുന്നു എന്ന വാദം വസ്തുതകൾക്ക് നിരക്കുന്നതല്ല. കാലാകാലങ്ങളിൽ ഉണ്ടാകുന്ന സർക്കാർ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി എയ്ഡഡ് സ്കൂൾ മാനേജർമാർ നിയമനം നടത്തുന്നതാണ് അവ അംഗീകരിക്കപ്പെടാതിരിക്കുന്നതിനുള്ള മുഖ്യ കാരണം. 03/12/2016-ലെ കെ.ഇ.ആർ ഭേദഗതിക്ക് നൽകിയ 29/01/2016 മുതലുള്ള പ്രാബല്യം ബഹു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ അതുമൂലം നിയമനങ്ങൾക്ക് അംഗീകാരം തടസ്സപ്പെട്ടിട്ടില്ല.<br>(ബി) G.O (P) 199/16/പൊവിവ തീയതി 3-12-16 പ്രകാരം സർക്കാർ കൊണ്ടുവന്ന കെ.ഇ.ആർ ഭേദഗതിയിൽ ഉൾപ്പെട്ട നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവയിൽ ബഹു. ഹൈക്കോടതി (ഡിവിഷൻ ബഞ്ച്) status quo ഉത്തരവായിട്ടുണ്ട്. ഇക്കാരണത്താൽ നിയമനാംഗീകാരം നൽകാനാകാത്ത സ്ഥിതിയാണ് നിലവിലുള്ളത്. |
| (സി) കഴിഞ്ഞ മൂന്നു വർഷക്കാലമായി വേതനം ലഭിക്കാത്തതിനാൽ ഇവരും കുടുംബങ്ങളും അനുഭവിക്കുന്ന ദുരിതാവസ്ഥ പരിഹരിക്കാൻ നിയമനാംഗീകാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലിരിക്കുന്ന കേസിലെ വിധിയ്ക്കനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ